"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വ്യവസായ വകുപ്പ് - മൈനിംഗ് & ജിയോളജി — 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരം ശ്രീമതി.ദീപ്തി.എസ്.നായർ, ലക്ഷ്മി വിലാസം ബംഗ്ലാവ്, പഌവണ്ണറ, കീഴാറൂർ.പി.ഒ, തിരുവനന്തപുരം സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.357/2025/ID    തീയതി,തിരുവനന്തപുരം, 26-03-2025

പരാമർശം:-

1. 19.01.2022 തീയതിയിലെ സ.ഉ(സാധാ) നം.57/2022/വ്യവ ഉത്തരവ് .
2. തിരുവനന്തപുരം ജിയോളജിസ്റ്റിന്റെ 01.09.2023 തീയതിയിലെ 78/DOT/M2/2021 നമ്പർ ഡിമാന്റ് നോട്ടീസ്.
3. ശ്രീമതി.ദീപ്തി.എസ്.നായർ, ലക്ഷ്മി വിലാസം ബംഗ്ലാവ്, പഌവണ്ണറ, കീഴാറൂർ.പി.ഒ, തിരുവനന്തപുരം 23.04.2024 തീയതിയിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ.
4. മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ 13.10.2024 തീയതിയിലെ ഡിഎംജി/1869/2024-എം1 നമ്പർ കത്ത്.

**ഉത്തരവ്**

കാട്ടാക്കട താലൂക്കിൽ കീഴാരൂർ വില്ലേജിൽ ബ്ലോക്ക് നം.26 ൽ റീ സർവ്വേ നം.221/2, 225/6 ൽ പ്പെടുന്നതും ശ്രീമതി.ദീപ്തി.എസ്.നായർ, ലക്ഷ്മി വിലാസം ബംഗ്ലാവ്, പഌവണ്ണറ, കീഴാറൂർ.പി.ഒ, തിരുവനന്തപുരം എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതുമായ സ്ഥലത്തു നിന്നും കൃഷി ആവശ്യത്തിന്റെ ഭാഗമായി 4862.5 മെട്രിക് ടൺ ഉരുളൻ പാറ നീക്കം ചെയ്യുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നുവെങ്കിലും ടി അനുമതിയുടെ മറവിൽ ടി വസ്തുവിൽ കൂട്ടിയിട്ടിരുന്ന 16539 മെ.ടൺ ഉരുളൻ പാറ അനധികൃതമായി ഗതാഗതം നടത്തിയതായി സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ആയതിന് റോയൽറ്റി (7,93,872/- രൂപ), വില (31,75,488/- രൂപ), പിഴ (5,00,000/-രൂപ) ഇനത്തിൽ ആകെ 44,69,360/- രൂപ ഒടുക്കുന്നതിനാവശ്യപ്പെട്ട് തിരുവനന്തപുരം ജിയോളജിസ്റ്റ് 01.09.2023 ൽ നൽകിയ പരാമർശം (2) പ്രകാരമുള്ള ഡിമാന്റ് നോട്ടീസിനെതിരെ ശ്രീമതി.ദീപ്തി.എസ്.നായർ, ലക്ഷ്മി വിലാസം ബംഗ്ലാവ്, കീഴാറൂർ, കാട്ടാക്കട, തിരുവനന്തപുരം പരാമർശം (3) പ്രകാരം ഒരു അപ്പീൽ ഹർജി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. അപ്പീൽ ഹർജിയുമായി ബന്ധപ്പെട്ട് 09.10.2024 ന് നടത്തിയ ഹിയറിംഗിൽ അപ്പീൽ കക്ഷിക്കു വേണ്ടി ഹാജരായ അഡ്വക്കേറ്റിനെയും, തിരുവനന്തപുരം ജിയോളജിസ്റ്റിനെയും, മൈനിംഗ് & ജിയോളജി ഡയറക്ടറേറ്റിലെ ജിയോളജിസ്റ്റിനെയും അപ്പീൽ അധികാരിയായ വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി.

3. ഹിയറിംഗ് വേളയിൽ അപ്പീൽകക്ഷിക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റ് ബോധിപ്പിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കാട്ടാക്കട താലൂക്കിൽ, കീഴാറൂർ വില്ലേജിൽ ബ്ലോക്ക് നം. 26 ൽ റീ സർവ്വെ നം.221/02, 225/6 ൽ പ്പെട്ട യഥാക്രമം 73.20 ആർ 57.90 ആർ പുരയിടം കൃഷിയോഗ്യമാക്കുന്നതിന്റെ ഭാഗമായി നെടുമങ്ങാട് RDO 7180/2020 ഉത്തരവിൻ പ്രകാരവും, മൈനിംഗ് & ജിയോളജി, തിരുവനന്തപുരം ഓഫീസിൽ നിന്നും 1171/2021-22/78 DOT/MN 2021 നമ്പർ പ്രകാരവും അനുമതി ലഭിക്കുകയും ടി വസ്തുവിൽ കീറിക്കുട്ടിയ പാറകൾ റോയൽറ്റി അടച്ച് നീക്കം ചെയ്യുകയും ചെയ്തു. ദുരന്തനിവാരണ വകുപ്പിന് ആവശ്യമായ കടൽഭിത്തി നിർമ്മാണത്തിനും വിഴിഞ്ഞം പോർട്ടിലേക്കുള്ള ആവശ്യത്തിനുമായാണ് പാറകൾ നീക്കം ചെയ്തത്. എന്നാൽ അനുമതി നൽകിയ അളവിൽ കൂടുതൽ കല്ലുകൾ അനധികൃതമായി നീക്കം ചെയ്തു എന്ന് വിലയിരുത്തി 7B/DOT/ML/2021 പ്രകാരം ജിയോളജി വകുപ്പിൽ നിന്നും തനിക്ക് ഡിമാന്റ് നോട്ടീസ് ലഭിക്കുകയും അതിന്റെ ഭാഗമായി 44,69,360/- രൂപ പിഴ ഈടാക്കുന്നതിന് ടി വസ്തു റവന്യൂ റിക്കവറി നടപടിക്ക് RRCNo. 2023/17079/01 പ്രകാരം റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും നോട്ടീസ് ലഭിക്കുകയും ചെയ്തു. R D O യുടേയും മൈനിംഗ് & ജിയോളജി ഡയറക്ടറുടേയും ശിപാർശയുടെ അടിസ്ഥാനത്തിൽ 4862.8 മെ. ടൺ കരിങ്കല്ല് തന്റെ വസ്തുവിൽ നിന്നും നീക്കം ചെയ്യുന്നതിന് സ ഉ (സാധാ) നം.57/2022/വ്യവ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ റോയൽറ്റി ഒടുക്കുകയും 22/2/2022 മുതൽ 5/4/2022 കാലയളവിൽ ധാതു നീക്കം ചെയ്യുവാൻ 304 പാസ്സുകൾ നൽകുകയും ചെയ്തു. എന്നാൽ 2999.5 മെ. ടൺ കരിങ്കല്ല് മാത്രമേ തനിക്ക് നീക്കം ചെയ്യുവാൻ സാധിച്ചുള്ളു. പിന്നീട് 1863 മെ. ടൺ പാറ കൂടി നീക്കം ചെയ്യുവാൻ ജിയോളജിസ്റ്റ് അനുമതി നൽകുകയും അതിന് റോയൽറ്റി അടക്കുകയും ചെയ്തു. എന്നാൽ തന്റെ സഹോദരിയുടെ വസ്തുവിൽ നിന്നും കരിങ്കല്ല് അനധികൃത ഖനനം നടത്തി നീക്കം ചെയ്തുവെന്നാരോപിച്ച് 44,69,360/- രൂപ പെനാലിറ്റി ഒടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 1/9/2023 ൽ ഡിമാന്റ് നോട്ടീസ് നൽകി. എന്നാൽ സ്ഥല പരിശോധന റിപ്പോർട്ടിന്റെ പകർപ്പ് അപ്പീൽ കക്ഷിക്ക് നൽകാതേയും അപ്പീൽകക്ഷിയെ നേരിൽകേൾക്കാതെയുമാണ് നോട്ടീസ് നൽകിയത്. അതുപോലെ MMDR Act പ്രകാരം ജിയോളജിസ്റ്റിന് പിഴ ഈടാക്കുവാനുള്ള അധികാരമില്ല. 16539 മെ. ടൺ ധാതു അപ്പീൽ കക്ഷിയുടെ അടുത്തുള്ള വസ്തുവിൽ നിന്ന് നീക്കം ചെയ്തു എന്ന് പറയുന്നത് ശരിയല്ല. R Q P യുടെ റിപ്പോർട്ട് പ്രകാരം വളരെ കുറച്ച് അളവേ ഉള്ളു. അപ്പീൽകക്ഷി 30/08/2022 ലാണ് ധാതു നീക്കം ചെയ്തതെന്ന് ജിയോളജിസ്റ്റും, കീഴാറൂർ വില്ലേജ് ഓഫീസറും സമ്മതിച്ചിട്ടുണ്ട്. എന്നാൽ പെനാൽറ്റി അന്ന് നിലവിലിരുന്ന റേറ്റ് അനുസരിച്ച് കണക്കാക്കുന്നതിന് പകരം 31/03/203 ൽ നിലവിൽ വന്ന KMMC ചട്ടം ഭേദഗതി അനുസരിച്ചുള്ള റേറ്റ് നിർണ്ണയിച്ചിരിക്കുന്നത് തെറ്റാണ്. 31/3/2023 ന ശേഷം ധാതു കടത്തിയതായി ജിയോളജിസ്റ്റ് കണ്ടു പിടിച്ചിട്ടില്ല. അപ്പീൽകക്ഷി തന്റെ വസ്തുവിൽ നിന്നും 3000 മെ.ടൺ കരിങ്കല്ല് മാത്രമേ നീക്കം ചെയ്തിട്ടുള്ളു. അപ്പീൽകക്ഷിയുടെ വസ്തുവിൽ നിന്നോ അയൽപക്കത്തുള്ള വസ്തുവിൽ നിന്നോ ധാതു അനധികൃതമായി നീക്കം ചെയ്തു എന്നത് സംബന്ധിച്ച് ജിയോളജിസ്റ്റിന് ഉറപ്പില്ല. ഈ സാഹചര്യത്തിൽ നിലവിലുള്ള ഡിമാന്റ് നോട്ടീസ് റദ്ദ് ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. അപ്പീൽ അപേക്ഷ സംബന്ധിച്ച് മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടർ പരാമർശം (4) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

കാട്ടാക്കട താലൂക്കിൽ കീഴാറൂർ വില്ലേജിൽ ബ്ലോക്ക് നം. 26 ൽ റീ സർവ്വേ നം.221/2, 225/6 ൽ പ്പെട്ടതും അപ്പീൽ കക്ഷിയുട ഉടമസ്ഥതയിലുള്ളതുമായ വസ്തുവിൽ നിന്നും കൃഷി ആവശ്യത്തിന്

ഭൂമി നിരപ്പാക്കുന്നതിന്റെ ഭാഗമായി വസ്തുവിലെ ഉരുളൻ പാറകൾ നീക്കം ചെയ്യുന്നതിന് അനുമതിക്കായി 7/02/2021 ൽ ഒരു അപേക്ഷ തിരുവനന്തപുരം ജില്ലാ ഓഫീസിൽ ലഭിച്ചിരുന്നു. അന്നേദിവസം തന്നെ അപ്പീൽ കക്ഷിയുടെ സഹോദരിയായ ശ്രീമതി. ദിവ്യ എസ്. നായർ, ലക്ഷ്മി വിലാസം ബംഗ്ലാവ്, പഌവണ്ണറ, കീഴാറൂർ ടിയാളുടേതും അപ്പീൽ കക്ഷിയുടെ വസ്തുവിനോട് ചേർന്നു കിടക്കുന്നതുമായ ബ്ലോക്ക് 26 ൽ റീ സർവ്വേ നം221/2, 221/4, 225/6-1 ൽ പ്പെട്ട വസ്തുവിലെ ഉരുളൻപാറ നീക്കുന്നതിനു മറ്റൊരു അപേക്ഷയും സമർപ്പിച്ചിരുന്നു.

അപേക്ഷാവസ്തുക്കളിലെ ഉരുളൻ പാറയുടെ അളവ് നിർണ്ണയിക്കുന്നതിന്റെ ഭാഗമായി R Q P യുടെ റിപ്പോർട്ട് തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും ആവശ്യപ്പെടുകയും രണ്ട് അപേക്ഷകളിലും RQP റിപ്പോർട്ട് ബന്ധപ്പെട്ട അപേക്ഷകർ ഹാജരാക്കുകയും ചെയ്തിരുന്നതായും R Q P റിപ്പോർട്ടിൽ അപ്പീൽ കക്ഷിയുടെ വസ്തുവിൽ 4862.5 മെ. ടൺ ഉരുളൻ കല്ലും സമീപവസ്തു ഉടമയായ ശ്രീമതി ദിവ്യ. എസ്. നായരുടെ വസ്തുവിൽ 16538.375 മെ. ടൺ ഉരുളൻ കല്ലും നീക്കം ചെയ്യാനുള്ളതായും കൂടാതെ R Q P റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 11/02/2021 ന് തിരുവനന്തപുരം ജില്ലാ ഓഫീസിലെ അസിസ്റ്റന്റ് ജിയോളജിസ്റ്റ് രണ്ട് അപേക്ഷാ വസ്തുക്കളും പരിശോധിച്ച് അളവുകൾ റിപ്പോർട്ട് പ്രകാരമാണ് എന്ന് ഉറപ്പുവരുത്തുകയും ചെയ്തു.

തുടർന്ന് രണ്ട് അപേക്ഷകളിലും സർക്കാരിന്റെ പ്രത്യേക അനുമതിക്കായി ഡയറക്ടർക്ക് ജില്ലാ ഓഫീസിൽ നിന്നും 15/10/2021 ന് ശുപാർശ ചെയ്യുകയുണ്ടായി. ശ്രീമതി ദിവ്യ എസ് നായരുടെ ഭൂമിയിൽ നിന്നും കല്ല് നീക്കുന്നതി1ന് 25/10/2021 ന് ഡയറക്ടർ ശുപാർശ ചെയ്തു. സർക്കാരിന്റെ 19/01/2022 ലെ ജി. ഒ (ആർറ്റി) നം.57/2022/വ്യവ ഉത്തരവ് പ്രകാരം അപ്പീൽ കക്ഷിയുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ നിന്നും 4852.5 മെ. ടൺ ഉരുളൻപാറ നീക്കം ചെയ്യുന്നതിന് തിരുവനന്തപുരം ജില്ലാ ഓഫീസിൽ നിന്നും അനുമതി നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി അളവ് നീക്കം ചെയ്യുന്നതിനു റോയൽറ്റി ഈടാക്കി ജില്ലാ ഓഫീസിൽ നിന്നും 16/02/2022 തീയതിയിൽ ഉത്തരവ് നൽകുകയും ഈ ഉത്തരവിൻപ്രകാരം മുഴുവൻ ധാതുവും നീക്കം ചെയ്യുവാൻ സാധിച്ചില്ല എന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 10/08/2022 ന് പുതുക്കിയ ഉത്തരവ് നൽകുകയും ചെയ്തിരുന്നു. 10/08/2022 ന് അനുവദിച്ച ഉത്തരവിന്റെ കാലാവധി 30/08/2022 വരെ ഉണ്ടായിരുന്നു.

അപ്പീൽ കക്ഷിയുടെ സമീപവസ്തു ഉടമയായ ശ്രീമതി. ദിവ്യ. എസ്. നായർ സർക്കാരിൽ നിന്നും ഉത്തരവ് ഹാജരാക്കാത്തതിനാൽ ടി വ്യക്തിയുടെ വസ്തുവിൽ നിന്നും ഉരുളൻകല്ല് നീക്കുന്നതിന് ജില്ലാ ഓഫീസിൽ നിന്നും അനുമതി ഒന്നും നൽകിയിരുന്നില്ല. തിരുവനന്തപുരം ജില്ല മിനറൽ സ്ക്വാഡ് 21/07/2023, 24/07/2023 തീയതികളിൽ നടത്തിയ പരിശോധനയിൽ അപ്പീൽ കക്ഷിക്ക് ലഭിച്ച ഉത്തരവിന്റെ മറവിൽ സമീപ വസ്തു ഉടമയും അപ്പീൽ കക്ഷിയുടെ സഹോദരിയുമായ ശ്രീമതി. ദിവ്യ.എസ്.നായരുടെ വസ്തുവിൽ ശേഖരിച്ചിരുന്ന ഉരുളൻ പാറ മുഴുവൻ അനധികൃതമായി നീക്കം ചെയ്തതായി കാണുകയുണ്ടായി. ശ്രീമതി ദിവ്യ.എസ്.നായരുടെ വസ്തുവിൽ ശേഖരിച്ചിരുന്ന ധാതു സംബന്ധിച്ച RQP റിപ്പോർട്ട് പ്രകാരം 16538.375 മെ. ടൺ ആണ് വസ്തുവിൽ ഉണ്ടായിരുന്നത്.

സർക്കാർ ഉത്തരവിലെയും ജില്ലാ ഓഫീസിന്റെ ഉത്തരവിലെയും വ്യവസ്ഥകൾ ലംഘിച്ച് അനധികൃതമായി സമീപവസ്തുവിലെ കരിങ്കല്ല് കടത്തിയതിന് 07/08/2023 ന് അപ്പീൽ കക്ഷിക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നുവെങ്കിലും ടിയാൾ പ്രതികരിക്കുകയുണ്ടായില്ല. തുടർന്നാണ് അനധികൃതമായി 16539 മ. ടൺ കരിങ്കല്ല് നീക്കം ചെയ്തതിന് 2023 ലെ KMMC ഭേദഗതി ചട്ടങ്ങൾ പ്രകാരം റോയൽറ്റി, വില (ടണ്ണിന് 240/- രൂപ) യും കോമ്പൗണ്ടിംഗ് ഫീസായി 5 ലക്ഷം രൂപയും ചേർത്ത് 44,69,360/- രൂപ ഒടുക്കുന്നതിന് 1-09/2023 ന് ഡിമാന്റ് നോട്ടീസ്

നൽകിയത്. അനധികൃത ധാതു കടത്ത് കണ്ടെത്തിയ കാലഘട്ടത്തിലെ നിയമപ്രകാരമാണ് ഡിമാന്റ് തുക കണക്കാക്കിയിട്ടുള്ളത്. ഡിമാന്റ് തുക ഒടുക്കാത്ത സാഹചര്യത്തി. കുടിശ്ശിക തുക റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിന് 29/11/2023 ൽ ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി റിക്വിസിഷൻ സമർപ്പിച്ചിട്ടുണ്ട്.

5. അപ്പീൽ അധികാരി ഈ വിഷയം അപ്പീൽകക്ഷിയുടെ വാദത്തിന്റെയും മൈനിംഗ് & ജിയോളജി വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. അപ്പീൽ കക്ഷിയുടെ സമീപവസ്തു ഉടമയായ ശ്രീമതി. ദിവ്യ. എസ്. നായർ സർക്കാരിൽ നിന്നും ഉത്തരവ് ഹാജരാക്കാത്തതിനാൽ ടി വ്യക്തിയുടെ വസ്തുവിൽ നിന്നും ഉരുളൻകല്ല് നീക്കുന്നതിന് ജില്ലാ ഓഫീസിൽ നിന്നും അനുമതി ഒന്നും നൽകിയിരുന്നില്ല. തിരുവനന്തപുരം ജില്ല മിനറൽ സ്ക്വാഡ് 21/07/2023, 24/07/2023 തീയതികളിൽ നടത്തിയ പരിശോധനയിൽ അപ്പീൽ കക്ഷിക്ക് ലഭിച്ച ഉത്തരവിന്റെ മറവിൽ സമീപ വസ്തു ഉടമയും അപ്പീൽ കക്ഷിയുടെ സഹോദരിയുമായ ശ്രീമതി. ദിവ്യ.എസ്.നായരുടെ വസ്തുവിൽ ശേഖരിച്ചിരുന്ന ഉരുളൻ പാറ മുഴുവൻ അനധികൃതമായി നീക്കം ചെയ്തതായി കാണുകയുണ്ടായി. ശ്രീമതി ദിവ്യ. എസ്. നായരുടെ വസ്തുവിൽ ശേഖരിച്ചിരുന്ന ധാതു സംബന്ധിച്ച R Q P റിപ്പോർട്ട് പ്രകാരം 16538.375 മെ. ടൺ ആണ് വസ്തുവിൽ ഉണ്ടായിരുന്നത്. ഇതിൽ നിന്നും അപ്പീൽകക്ഷി തനിക്ക് ലഭിച്ച അനുമതിയുടെ മറവിൽ തന്റെ സഹോദരിയുടെ വസ്തുവിൽ നിന്നും R Q P റിപ്പോർട്ട് പ്രകാരമുള്ള 16538.25 മെ. ടൺ കരിങ്കല്ല് അനധികൃതമായി ഖനനം ചെയ്തു നീക്കം ചെയ്തു എന്നത് വ്യക്തമാണ്. അനധികൃത ഖനനം സംബന്ധിച്ച് സ്ഥലപരിശോധന നടത്തി അതനുസരിച്ച് പെനാലിറ്റി ഈടാക്കുന്നതിന് KMMC ചട്ടപ്രകാരം ജിയോളജിസ്റ്റിന് അധികാരമുണ്ട്. അതിനാൽ അനധികൃതമായി കരിങ്കല്ല് നീക്കം ചെയ്തത് സംബന്ധിച്ച് ഡിമാന്റ് നോട്ടീസ് പ്രകാരമുള്ള അളവ് ശരിയല്ലെന്നും, പിഴ ഈടാക്കുവാൻ ജിയോളജിസ്റ്റിന് അധികാരമില്ലെന്നുമുള്ള അപ്പീൽകക്ഷിയുടെ വാദത്തിൽ കഴമ്പില്ല. എന്നാൽ കക്ഷിയെ നേരിൽ കേൾക്കാതെയാണ് നോട്ടീസ് നൽകിയതെന്നും 2022 ൽ നീക്കം ചെയ്ത ധാതുവിന് 31/03/2023 ലെ നിരക്ക് പ്രകാരം പെനാലിറ്റി നിർണ്ണയിച്ചത് തെറ്റാണെന്നുമുള്ള കക്ഷിയുടെ വാദത്തിൽ കഴമ്പുണ്ട്. ഡിമാന്റ് നോട്ടീസ് നൽകുന്നതിന് മുൻപ് കക്ഷിയെ നേരിൽ കേട്ട് അതിന്റെ അടിസ്ഥാനത്തിൽ നടപടിക്രമം പുറപ്പെടുവിച്ചതിന് ശേഷമാണ് ഡിമാന്റ് നോട്ടീസ് നൽകേണ്ടത്. സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ കക്ഷിക്ക് ധാതു നീക്കം ചെയ്യുവാൻ ആദ്യ അനുമതി നൽകിയത് 16/02/2022 ലും മുഴുവൻ ധാതു നീക്കം ചെയ്യുവാൻ സാധിക്കാത്തതിനാൽ പുതുക്കിയ അനുമതി 10/8/2022 ന് കാലാവധി 30/8/2022 വരെ വച്ച് നൽകുകയും ചെയ്തു. ഈ അനുമതിയുടെ മറവിലാണ് സഹോദരിയുടെ വസ്തുവിൽ നിന്നും 16538.75 മെ. ടൺ കല്ല് നീക്കം ചെയ്തത്. എന്നാൽ ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തിയത് 21/07/2023, 24/07/2023 എന്നീ തീയതികളിലായതിനാൽ ഡിമാന്റ് നോട്ടീസ് നൽകിയിരിക്കുന്നത് 31/3/2023 ലെ KMMC ഭേദഗതി പ്രകാരമുള്ള നിരക്ക് വച്ചാണ്. അപ്പീൽകക്ഷി ഖനനം നടത്തി നീക്കം ചെയ്ത കാലയളവിൽ നിലനിന്നിരുന്ന നിരക്ക് പ്രകാരമാണ് പെനാലിറ്റി നിർണ്ണയിക്കേണ്ടത്. ഈ സാഹചര്യത്തിൽ അനധികൃത ഖനനം നടത്തി ധാതു നീക്കം ചെയ്ത കാലയളവിലെ നിരക്ക് പ്രകാരമുള്ള പെനാലിറ്റി നിശ്ചയിച്ച് പുതുക്കിയ ഡിമാന്റ് നോട്ടീസ് നടപടിക്രമങ്ങൾ പാലിച്ച്കൊണ്ട് നൽകി അതനുസരിച്ചുള്ള തുക അടിയന്തിരമായി ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ ജിയോളജിസ്റ്റിന് നിർദ്ദേശം നൽകിക്കൊണ്ട് ശ്രീമതി.ദീപ്തി.എസ്.നായർ, ലക്ഷ്മി വിലാസം ബംഗ്ലാവ്, പശുവെണ്ണറ, കീഴാവൂർ.പി.ഒ, തിരുവനന്തപുരം പരാമർശം (3) പ്രകാരം സമർപ്പിച്ച അപ്പീൽ ഹർജി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി അജിത
അഡിഷണൽ സെക്രട്ടറി
& അപ്പീൽ അധികാരി

ശ്രീമതി.ദീപ്തി.എസ്.നായർ, ലക്ഷ്മി വിലാസം ബംഗ്ലാവ്, പഞ്ചവെണ്ണറ, കീഴാവൂർ.പി.ഒ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), തിരുവനന്തപുരം.

ഡയറക്ടർ, മൈനിംഗ് & ജിയോളജി വകുപ്പ്, തിരുവനന്തപുരം.

ജില്ലാ ജിയോളജിസ്റ്റ്, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sachin V R
Date: 27-03-2025 11:38:47
സെക്ഷൻ ഓഫീസർ